പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 990. 02.12.2015 ന് മറുപടിയ്ക്ക്.

## നൈപുണ്യം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഉദ്യോഗാർത്ഥികൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച നൈപുണ്യം പദ്ധതിയിൽ അഴിമതിയുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) ഇതിനായി രൂപീകരിച്ച കെ എ എസ് ഇ (കെയ്സ്) എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; | (ബി) ഉണ്ട് |
| (സി) പ്രസ്തുത സ്ഥാപനത്തിനെതിരെ വിജിലൻസിന്റെ രഹസ്യാന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്രസ്തുത സ്ഥാപനംകൊണ്ട് ഉദ്യോഗാർത്ഥികൾക്കു പ്രയോജനം ലഭിച്ചിട്ടുണ്ടോ ; എത്ര പേർക്ക് ഇവിടെ നിന്നും തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന വ്യക്തമാക്കുമോ ? | (ഡി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നൈപുണ്യവികസന കേന്ദ്രങ്ങളായ NICE (Nursing Institute for Career Enhancement), CAT (Centre for Advanced Training in Security), കൗശലകേന്ദ്രം (കൊല്ലം), കൗശലകേന്ദ്രം (കോഴിക്കോട്), വിവിധ എംപ്ലോയബിലിറ്റി സെന്ററുകൾ (കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ) എന്നിവയിലൂടെ നാളിതുവരെ 21370 പേർക്ക് തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ